റീ-സർവ്വേ

109 (3856) ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1965-ൽ റീ-സർവ്വേ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര വർഷം കൊണ്ടാണ് റീ-സർവ്വേ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നത്;

(ബി) എത്ര പ്രദേശത്തിന്റെയും എത്ര വില്ലേജിന്റെയും റീ-സർവ്വേയാണ് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്;

(സി) പ്രസ്തുത സർവ്വേക്ക് എത്ര ജീവനക്കാരുടെ സേവനമാണ് വിനിയോഗിക്കുവാൻ ഉദ്ദേശിച്ചത്;

(ഡി) ഇതിനുവേണ്ടി എത്ര ജീവനക്കാരെ നിയോഗിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ;

(ഇ) എത്ര പ്രദേശത്തിന്റെയും എത്ര വില്ലേജുകളുടെയും റീ-സർവ്വേ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1965-ൽ സംസ്ഥാന സർക്കാർ റീ-സർവ്വേ സംബന്ധിച്ച് പുറപ്പെടുവിച്ച ജി.ഒ.(എംഎ.സ്.) 781/65/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 30 വർഷം കൊണ്ടാണ് റീസർവ്വേ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നത്.

(ബി) സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും റീ-സർവ്വേ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

(സി) റീ-സർവ്വേ ജോലികൾക്കായി എത്ര ജീവനക്കാരുടെ സേവനമാണ് വിനിയോഗിക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നില്ല.

(ഡി) റീ-സർവ്വേ ജോലികൾക്കായി നിലവിൽ 1678 ഫീൽഡ് സർവേയർമാർ ഉൾപ്പെടെ 3804 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ 824 വില്ലേജുകളിലായി 1966382.00 ഹെക്ടർ ഭൂമിയിൽ റീ-സർവ്വേ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly